# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1325 — 03.12.15 ൽ - മറുപടിക്ക്

## റേഷൻകാർഡ് വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പുതിയ റേഷൻകാർഡിനുള്ള അപേക്ഷ സ്വീകരിച്ചത് ഏത് മാസമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | 01.01.15-മുതൽ 18.01.15 വരെയാണ് പുതുക്കിയ കാർഡിനുള്ള അപേക്ഷകൾ സ്വീകരിച്ചത്. |
| (ബി) | പ്രസ്തുത കാർഡ് നാളിതുവരെയായി വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത കാർഡ് എന്ന് മുതൽ വിതരണം നടത്തുമെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിലെ കാർഡിലെ വിവരങ്ങളും, 07.07.14 ലെ സ.ഉ(കൈ)നം.21/14/ഭ.സി.സ.വ. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി റേഷൻ കടയിലൂടെ കാർഡുടമകൾക്ക് നൽകിയ പ്രീ-പോപ്പുലേറ്റഡ് ഫാറം, പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന രീതിയിൽ കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുത്ത്, ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും, ടി ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് തിരുത്തുന്നതിന് കാർഡുടമകൾക്ക് ഓൺലൈനിൽ കൂടിയും, പ്രിന്റ് നൽകിയും, പിഴവുകൾ തിരുത്തി വാങ്ങി, ആയത് കറക്ട് ചെയ്യുന്ന ജോലികളാണ് നിലവിൽ നടന്നു വരുന്നത്. ടി പ്രവർത്തികൾ തീരുന്ന മുറയ്ക്ക് റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും സോഷ്യൽ ആഡിറ്റിംഗിന് ശേഷം അന്തിമ മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകൾ നൽകുകയും ചെയ്യും. മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31.03.2016-ന് അകം വിതരണം ചെയ്യുന്നതാണ്. ഇപ്പോഴുള്ള റേഷൻ കാർഡിന് പുതിയ കാർഡ് ലഭ്യമാവുന്നതു വരെ വാലിഡിറ്റി ഉണ്ടായിരിക്കും. അതിനാൽ ഒരു ആനുകൂല്യങ്ങൾക്കും തടസ്സമുണ്ടാവില്ല. |

Thulasi

സെക്ഷൻ ഓഫീസർ